# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA PKD.14-301/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/03/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD.14-301/2022 തീയ്യതി: 14/03/2022

## പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-10-2021 | 20-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 20-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
വി.ടി. ഉഷാ കുമാരി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.വി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ
എസ്. ഷബ്ന ദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ലിക്സി അലക്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| എസ്. ഷൈലജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കാഞ്ചന. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീകുമാർ. ജി | സെക്രട്ടറി | 24-04-2019 | 31-03-2020 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കാഞ്ചന. കെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| നന്ദകുമാർ. എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| അരുൺ. എസ്. ആർ | അസി. എഞ്ചിനീയർ | 01-04-2019 | 27-07-2019 |
| ഒഴിവ് | അസി. എഞ്ചിനീയർ | 28-07-2019 | 07-08-2019 |
| രചന. ആർ | അസി. എഞ്ചിനീയർ | 08-08-2019 | 31-03-2020 |
| ഡോ. രശ്മി സൂസൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 04-01-2020 |
| ഡോ. മേരി ജ്യോതി വിൽസൺ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 05-01-2020 | 31-03-2020 |
| ഡോ. സ്മിത | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. ദേവദാസ്. എം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഖദീജ. കെ | പ്രധാന അധ്യാപിക | 01-04-2019 | 31-03-2020 |
| ജൈഷ്ണ. എസ് | വി.ഇ.ഒ | 01-04-2019 | 19-11-2019 |
| മണികണ്ഠൻ. എൻ | വി.ഇ.ഒ | 20-11-2019 | 31-01-2020 |
| ഷിൻസി. എൻ | വി.ഇ.ഒ | 01-02-2020 | 31-03-2020 |
| സരസ്വതി. പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 05-12-2019 |
| അനിത. എ. എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V.T. Ushakumari (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങളുടെ അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: S.Sabna Das (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-2 |
| 4 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-2-1 |
| 5 | ചെക്കുകൾ കാലാവധിക്ക് ശേഷവും വരവിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-2-2 |
| 6 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-2-3 |
| 7 | പഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റെകൺസിലിയേഷൻ നടത്തിയിട്ടില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-2-4 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S. Premanand (Audit Officer, On 18-10-2021)<br>Last Updated By: S. Premanand (Audit Officer, On 18-10-2021) | 1-3 |
| 9 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 18-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 13-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-6 |
| 12 | ക്ഷേമപദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: S. Premanand (Audit Officer, On 18-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: S. Premanand (Audit Officer, On 11-03-2022)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-10 |
| 16 | തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-11 |
| 17 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി | 1-11-1 |

| | | |
|---|---|---|
| | സൂക്ഷിച്ചിട്ടില്ല<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | |
| 18 | ഒരേ അർദ്ധവാർഷിക സ്ലാബിൽപ്പെട്ട ജീവനക്കാരിൽനിന്നും വ്യത്യസ്തനിരക്കിൽ തൊഴിൽനികുതി അടവാക്കിയിരിക്കുന്നു<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-11-2 |
| 19 | ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-11-3 |
| 20 | പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-11-4 |
| 21 | താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Anish A (Computer Assistant, On 08-03-2022) | 1-11-5 |
| 22 | പഞ്ചായത്ത് പരിധിയിലെ ക്ഷീരോദ്പാദകസഹകരണസംഘം, റേഷൻഡിപ്പോകൾ എന്നിവയുടെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 20-10-2021)<br>Last Updated By: Lixy Alex (Auditor, On 05-02-2022) | 1-11-6 |
| 23 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-11-7 |
| 24 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-11-8 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-12 |
| 26 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-12-1 |
| 27 | പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: Lixy Alex (Auditor, On 05-02-2022) | 1-12-2 |
| 28 | ക്ഷീരോദ്പാദക സഹകരണ സംഘം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-12-3 |
| 29 | | 1-13 |

| | | |
|---|---|---|
| | തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ ചെലവ് വിവരങ്ങൾ 'സുലേഖ' യിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: V.T. Ushakumari (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | |
| 30 | 2018-19 ൽ പൂർത്തീകരിക്കാത്ത പദ്ധതി സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയില്ല.<br>Written By: M.V.Beena (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-14 |
| 31 | പാലിയേറ്റിവ് കെയർ പദ്ധതിക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല.<br>Written By: M.V.Beena (Senior Grade Auditor, On 22-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1 - 15 |
| 32 | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ റിപ്പയർ-പ്രൊജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചത്<br>Written By: V.T. Ushakumari (Asst. Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-16 |
| 33 | കുടുംബശ്രീ അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല<br>Written By: S.Sabna Das (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-17 |
| 34 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 1-18 |
| 35 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 1-19 |
| | **ഭാഗം 2** | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 31-01-2022)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 27-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 27-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 18-10-2021)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 18-10-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 10-03-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 30-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 27-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 27-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 27-01-2022)<br>Last Updated By: Anish A (Computer Assistant, On 11-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 27-01-2022)<br>Last Updated By: Anish A (Computer Assistant, On 10-03-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

16-03-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ച 16.3.20ലെ തീരുമാനം നം. 2(1) പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം നം5/7.3.20 ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 4,27,89749 |
| പ്രതീക്ഷിത വരവ് | 21,16,11,000 |
| ആകെ | 25,44,00,749 |
| പ്രതീക്ഷിത ചെലവ് | 23,51,52,025 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | 1,92,48,724 |

### 1-1-1 ബജറ്റ് നടപടിക്രമങ്ങളുടെ അവലോകനം

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

ബജറ്റ് മാന്വൽ ഖണ്ഡിക 4-3 പ്രകാരം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തേണ്ടതുണ്ട്. എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രതിമാസ ബജറ്റ് അവലോകനം നടത്തിയിട്ടില്ല. ബജറ്റ് മാന്വൽ ഖണ്ഡിക 4-5 പ്രകാരം നിഷ്കർഷിക്കുന്ന തുടർ നടപടികളും ഉണ്ടായിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10.06.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

**വസ്തുനികുതി – വാർഷികധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ രജിസ്റ്ററുകളിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല**

വസ്തുനികുതിയെ സംബന്ധിച്ച വാർഷികധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ ടി ഇനങ്ങളുടെ രജിസ്റ്ററിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല. മേൽ അപാകത സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തി(നം.12, 18-10-2021)ന്, ഡാറ്റാപ്യൂരിഫിക്കേഷന്റെ ഭാഗമായി ചില കെട്ടിടങ്ങളുടെ ഡിമാന്റിൽ വ്യത്യാസം വന്നതിനാലാണ് അപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന മറുപടിയാണ് അധികൃതർ ലഭ്യമാക്കിയിട്ടുള്ളത്. അപ്രകാരം വസ്തുനികുതി വ്യത്യാസപ്പെട്ട ഏതാനും കെട്ടിടങ്ങളുടെ വിശദീകരണം നല്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി അവ പൂർണ്ണമായി പൊരുത്തപ്പെടുന്നില്ല. അവ്യക്തത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-2 ചെക്കുകൾ കാലാവധിക്ക് ശേഷവും വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ തനത്ഫണ്ട് സൂക്ഷിപ്പിനായുള്ള പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ 2020 മാർച്ച് മാസത്തിലെ റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ 19 – 10 – 2019 തിയതിയിലെ ചെക്ക് നം. 5823 പ്രകാരമുള്ള തുകയായ 927 രൂപ, മൂന്ന മാസകാലാവധിക്ക ശേഷവും വരവിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇത സൂചിപ്പിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ആയത് ഉടൻ തന്നെ രേഖപ്പെടുത്തി അക്കൗണ്ടിൽ വരവ് വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-12 ,18-12-2021).

## 1-2-3 വാർഷിക കണക്കിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇനങ്ങളിലെ വരവ് തുകകൾ വാർഷിക കണക്കുമായി (റെസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ RP 34) പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് | അക്കൗണ്ട്സ് പ്രകാരമുള്ള വരവ് |
|---|---|---|
| Deposits Received For Halls And Auditoriums | 66000 | 73000 |
| Deposit Received From Others | 33000 | 35000 |
| Other Deposits | 6800 | 12725 |

2. ലോൺ രജിസ്റ്റർ പ്രകാരമുള്ള KURDFC വായ്പാ തുക തൻവർഷം ലഭിച്ചത്, വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് എന്നീ തുകകൾ വാർഷിക കണക്കിലേതുമായി (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5) പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ഹെഡ് പ്രകാരം തൊഴിൽ നികുതി - Institutions/Professionals/Traders, വെള്ളക്കരം എന്നീ വരവിനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മുൻകൂർ ആയി ലഭിച്ച വരവ് തുകകളുടെ വിവരം അതാത് ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/20-10-21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-2-4 പഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റെകൺസിലിയേഷൻ നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയി രിപ്പുകൾ ഓരോ മാസവസാനവും പൊരുത്തപ്പെടുത്തി അടുത്ത മാസം അഞ്ചാം തിയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൊടുമ്പ് പഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകൾ ഓരോ മാസവും റെകൺസിലിയേഷൻ നടത്തി

സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ(നം.12,18-10-2021)ത്തിന് മേലിൽ കൃത്യമായി റെകൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 20704562 |
| വരവ് | 76551617 |
| ആകെ | 97256179 |
| ചെലവ് | 72075146 |
| നീക്കിയിരിപ്പ് | 25181033.00 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 10352333 | 10352333 | 9,485,908 | 866425 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 11884706 | 11884706 | 2,732,416 | 9152290 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11889000 | 11889000 | 4,765,593 | 7123407 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3561000 | 3561000 | 2,757,540 | 803460 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 0 | 9437326 | 9437326 | 3738426 | 5698900 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 0 | 0 | 0 | 0 | 0 |
| ജനറൽ പർപസ് ഫണ്ട് | 985887 | 9,787,833 | 10773720 | 4506216 | 6267504 |

**Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2019-20)**

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 207/21: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | 165000 | Plan (GI) |
| 2 | 218/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 106215 | Plan (GI) |
| 3 | 224/21: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | 768824 | Plan (GI) |
| 4 | 225/21: 2018-19ൽ അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 123730 | Plan (GI) |
| 5 | 226/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 827608 | Plan (GI) |
| | **വികസന ഫണ്ട് (ജനറൽ) ആകെ** | **1991377** | |
| 6 | 208/21: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | 250000 | Plan (SCP) |
| | **വികസന ഫണ്ട് (എസ്.സി.പി) ആകെ** | **250000** | |

**പൊരുത്തപ്പെടുത്തൽ:**

| | | | |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 10352333 | **1991377** | 12343710 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 9,485,908 | **1991377** | 11477285 |
| വികസന ഫണ്ട് - (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 11884706 | **250000** | 12134706 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 2,732,416 | **250000** | 2982416 |

**കേന്ദ്രാവിഷ്കൃത പദ്ധതികൾ (NREGS)**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Admin | 75,653 | 858,558 | 934211 | 933962 | 249 |
| EFMS | 0 | 19138148 | 19138148 | 19138148 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 75653 | 19996706 | 20072359 | 20072110 | 249 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 1508899 | 242375 | 1751274 | 1,044,431 | 706843 |
| TSC | 672,583 | 0 | 672583 | 0 | 672583 |
| നിർമ്മൽ പുരസ്കാരം | 242,500 | 0 | 242500 | 0 | 242500 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 1,200,000 | 1200000 | 0 | 1200000 |
| Other Grant | 0 | 12,740 | 12740 | 0 | 12740 |
| Specific Purpose Grant | 0 | 11,200,000 | 11200000 | 11200000 | 0 |
| വിമുക്തി | 3800 | 0 | 3800 | 0 | 3800 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 166124825 | 102 | 47907570 | 0 | 0 | 51.52 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതി നിർവ്വഹണത്തിലെ പുരോഗതി:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്കുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 8587622 | 3 | 1789056 | 20.83 |
| വെറ്റിനറി സർജൻ | 1 | 20000 | 1 | 19959 | 99.8 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 6 | 1158486 | 6 | 860951 | 74.32 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 720000 | 3 | 719681 | 99.96 |
| വി.ഇ.ഒ | 6 | 86117040 | 5 | 22949955 | 26.65 |
| ICDS സൂപ്പർവൈസർ | 11 | 4400000 | 7 | 3445101 | 78.3 |
| ഗ്രാമ പഞ്ചായത്ത് | 21 | 10068279 | 9 | 3275758 | 32.54 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 140 | 53459588 | 61 | 13694578 | 0 |
| ഹെഡ് മാസ്റ്റർ | 4 | 868200 | 4 | 696292 | 80.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 725610 | 3 | 456239 | 62.88 |
| | 198 | 166124825 | 102 | 47907570 | 28.84 |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോഴും ഫണ്ട് വകയിരുത്തുമ്പോഴും ശ്രദ്ധയോടെ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. പദ്ധതി ചെലവുകൾ ഓരോ മാസവും അപഗ്രഥിക്കുകയും നടപ്പാക്കാനാകാത്ത പ്രൊജക്ടുകൾക്കുള്ള തുകകൾ മറ്റ് പ്രൊജക്ടുകൾക്ക് വിനിയോഗിക്കുന്ന വിധത്തിൽ ആസൂത്രണം നടത്തുകയും വേണം. 2019-20ൽ ലഭ്യമായക ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതെ ബാക്കിയായതിന്റെ വിവരം ചുവടെ കടുക്കുന്നു.

| **ഫണ്ടിനം** | **ചെലവഴിക്കാതെ ബാക്കിയായത്** |
|---|---|
| വികസന ഫണ്ട്-ജനറൽ | 866425 |
| വികസന ഫണ്ട്-എസ്.സി.പി | 9152290 |
| മെയിന്റനൻസ്, നോൺ-റോഡ് | 7123407 |
| മെയിന്റനൻസ്, റോഡ് | 803460 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 5698900 |

സർക്കാരിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും കൂട്ടായ ശ്രമം ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 75,653.79 | 11,95,570 | 12,71,223.79 | 12,70,974.10 | 249.69 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,94,22,007 | 1,94,22,007 | 1,94,22,007 | 0 |
| ആകെ | 75,653.79 | 2,06,17,577 | 2,06,93,230.79 | 2,06,92,981.10 | 249.69 |

* തൻവർഷ വരവ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഭരണചെലവിലേക്ക് ലഭ്യമാക്കിയ 5,83,800/-രൂപ ഉൾപ്പെടെയാണ്

* MGNREGS വരവ് ചെലവ് രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. കണക്കുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്തിരിക്കുന്നതിനാൽ മുന്നിരിപ്പും നീക്കിയിരിപ്പും ഒഴികെയുള്ള വിവരങ്ങൾ വാർഷിക കണക്കുകളിലേക്ക് പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/18.10.21) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയില്ല.

## 1-7 ക്ഷേമപദ്ധതികൾ

2019-2020 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 29,280 | 17 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3,248,400 | 559 |
| 3 | വിധവാ പെൻഷൻ | 48,42,000 | 823 |
| 4 | വാർദ്ധക്യകാല പെൻഷൻ | 52,49,460. | 1302 |
| 5 | വികലാംഗ പെൻഷൻ | 9,13,300 | 247 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹി തരായ വനിതകൾക്കുള്ള പെൻഷൻ | 3,06,000 | 51 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.10.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10,397/-
( പത്തായിരത്തിമുന്നൂറ്റിപ്പതിനേഴ് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബഡ്ജറ്റ് നടപടി ക്രമങ്ങൾ GO(Rt)No.3291/2016/LSGD Dated 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച ഗ്രാമ പഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ പ്രകാരം ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിങ് കമ്മറ്റി ബഡ്ജറ്റിന്മേൽ പ്രതിമാസ അവലോകനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

വരവ് ചെലവുകൾ രേഖപ്പെടുത്തുന്ന സാംഖ്യാ സോഫ്റ്റ്‌വേറുമായി ബഡ്ജററ് തയ്യാറാക്കാനുപയോഗിക്കുന്ന സോഫ്റ്റ് വെയർ ബന്ധിപ്പിച്ചിട്ടില്ല. എങ്കിലും ഓരോ ഇനത്തിലെയും ചെലവ് ബഡ്ജറ്റിൽ അധികരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് അക്കൗണ്ടന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

വസ്തു നികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ്‌വേറിലും വാർഷികകണക്കിലും വ്യത്യാസപ്പെട്ട് കിടക്കുന്നത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് നൽകിയ ചെക്കുകളിൽ സമയ പരിധിക്കകം മാറാത്തവ സ്റ്റെയിൽ ചെക്കായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാംഖ്യയിൽ കണക്കുകൾ തയ്യാറാക്കുന്നതിൽ കൃത്യതയും സൂക്ഷ്മതയും പാലിക്കേണ്ടതാണ്. വരവിനങ്ങളുടെയും ലോൺ, ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെയും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കാര്യക്ഷമത കാണിക്കേണ്ടതാണ്. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് രജിസ്റ്ററുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തണം.

ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി രേഖകൾ ക്രമമായി സൂക്ഷിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും തനത് ഫണ്ടിൽ സൂക്ഷിക്കുന്ന മറ്റ് പ്രത്യേക ഫണ്ടുകളുടെയും കണക്കുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ ഗൗരവത്തോടെ കണ്ട് സമയക്രമം പാലിച്ച് അപാകങ്ങൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നികുതികൾ ഡിമാന്റ് ചെയ്യുന്നതിലും പിരച്ചെടുക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും കാര്യക്ഷമത പുലർത്തേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴവൻ വ്യവസായ സംരംഭങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരഭക പ്രവർത്തനങ്ങൾ മറ്റു സേവനങ്ങൾ
എന്നിവ ലൈസൻസ് നേടിയിട്ടുണ്ടെന്നും കൃത്യമായി പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

എല്ലാ പ്രൊജക്ടുകളുടെയും അടങ്കലിന്റെയും ചെലവിന്റെയും കൃത്യമായ വിവരങ്ങൾ സുലേഖയിലും ചെലവുപത്രികയിലും ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ദൈനംദിന ചെലവുകളല്ലാതെ വരുന്ന മുഴവൻ ചെലവുകളും പ്രൊജക്ട് അംഗീകാരത്തോടെ മാത്രം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ പദ്ധതി മാർഗരേഖ പ്രകാരമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.07.2021 | 2021 ഏപ്രിൽ മുതൽ ജൂൺ വരെ | 16.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.5.2008 To 4.6.2008 | 97-98 മുതൽ 2007-08 വരെ | 18.7.2008 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയിട്ടുണ്ട്.

വൗച്ചറുകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടു ചെയ്ത അപാകങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

## 1-11 തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.
കൊടുമ്പ് പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ്

ലക്ഷ്യമിട്ടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1-11-1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല**

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഓരോ അർദ്ധവർഷത്തിലെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം - ജീവനക്കാരുടെ എണ്ണം – 8

2.) ഗോപാൽ മെമ്മോറിയൽ HSS – ജീവനക്കാരുടെ എണ്ണം – 9

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടേയും ജീവനക്കാരുടെയും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.7,13-10-2021) മറുപടിയായി അറിയിച്ചിട്ടുണ്ട്.

**1-11-2 ഒരേ അർദ്ധവാർഷിക സ്ലാബിൽപ്പെട്ട ജീവനക്കാരിൽനിന്നും വ്യത്യസ്തനിരക്കിൽ തൊഴിൽനികുതി അടവാക്കിയിരിക്കുന്നു**

കൈരളി ആയുർവേദിക് ഹെൽത്ത് റിസോർട്ട് പ്രൈ.ലി. എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി 119010500086 രസീതി പ്രകാരം 30-8-2019ന് അടവാക്കിയിട്ടുണ്ട്.

| പേര് | തസ്തിക | അർദ്ധവർഷ വരുമാനം | അടവാക്കിയ തൊഴിൽ നികുതി |
|---|---|---|---|
| സുശാന്ത് | സ്റ്റെവാർഡ് | 19000 | 150 |
| ലിനേഷ് | കിച്ചൻ അസി. | 10164 | 125 |
| നിഷാദ് | എക്സി.കീപ്പർ | 12133 | 108 |

ഒരേ അർദ്ധവാർഷിക സ്ലാബിൽപ്പെട്ട ജീവനക്കാരിൽനിന്നും വ്യത്യസ്ത രീതിയിലാണ് തൊഴിൽ നികുതി ഈടാ ക്കിയിരിക്കുന്നത്. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണ (നം.7, 13-10-2021) ത്തിന് മറുപടിയായി, തൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11-3 ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു**

1) ഇൻഡൽ ഓട്ടോമോട്ടീവ്സ് പ്രൈ.ലി. എന്ന സ്ഥാപനത്തിലെ താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷ തൊഴിൽനികുതി കുറവായിട്ടാണ് ഈടാക്കിയിരിക്കുന്നത്.

<u>ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ (രസീതി നം -119010103246, തിയതി-3-10-2019</u>

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ദാവൂദുൾ ഹക്കീം | പാർട്ട്സ് അസിസ്റ്റന്റ് | 54000 | 180 | 450 | 270 |
| 2 | അനന്തകൃഷ്ണൻ | ബോഡി ഷോപ്പ് | 72000 | 300 | 600 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | കോർഡിനേറ്റർ | | | | |
| 3 | വിനീത് കുമാർ | ആക്സസറീസ് ഇൻ ചാർജ്ജ് | 90000 | 450 | 750 | 300 |
| 4 | അനീഷ് .കെ | സീനിയർ ഇൻഷ്യുറൻസ് എക്സിക്യൂട്ടീവ് | 126000 | 450 | 1250 | 800 |
| 5 | രാജേഷ്.ആർ | അഡ്വൈസർ | 54000 | 180 | 450 | 270 |
| 6 | വർഷ മനോജ് | കസ്റ്റമർ എക്സിക്യൂട്ടീവ് | 63000 | 180 | 600 | 420 |
| 7 | നിതിൻ.ആർ | ടെക്നീഷ്യൻ | 72000 | 180 | 600 | 420 |
| | | | ആകെ | | | 2780 |

<u>രണ്ടാം അർദ്ധവർഷതൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ (രസീതി നം -119010500217, തിയതി-3-9-2020</u>

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ദാവൂദുൾ ഹക്കീം | പാർട്ട്സ് അസിസ്റ്റന്റ് | 54000 | 180 | 450 | 270 |
| 2 | അനന്തകൃഷ്ണൻ | ബോഡി ഷോപ്പ് കോർഡിനേറ്റർ | 72000 | 300 | 600 | 300 |
| 3 | വിനീത്കുമാർ | ആക്സസറീസ് ഇൻ ചാർജ്ജ് | 90000 | 450 | 750 | 300 |
| 4 | അനീഷ് .കെ | സീനിയർ ഇൻഷ്യുറൻസ് എക്സിക്യൂട്ടീവ് | 126000 | 450 | 1250 | 800 |
| 5 | രാജേഷ്.ആർ | അഡ്വൈസർ | 54000 | 180 | 450 | 270 |
| 6 | വർഷ മനോജ് | കസ്റ്റമർ എക്സിക്യൂട്ടീവ് | 63000 | 180 | 600 | 420 |
| 7 | നിതിൻ.ആർ | ടെക്നീഷ്യൻ | 72000 | 180 | 600 | 420 |
| | | | ആകെ | | | 2780 |

<u>2.) ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിയുടെ അർദ്ധവർഷ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു</u>

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഡോ.ശ്രീലക്ഷ്മി.വി | അസിസ്റ്റന്റ് പ്രൊഫസർ | 192000 | 1000 | 1250 | 250+250= 500 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | (I,II അർദ്ധവർഷം) |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കുറവ് വന്ന തൊഴിൽനികുതി തുകയായ 6600/- രൂപ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അധികൃതർ ബോധിപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം – 13, 18-10-2021).

മേൽ ജീവനക്കാരുടെ കുറവ് വന്ന തൊഴിൽനികുതി തുകയായ **6600/- രൂപ** (2780+2780+500) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11-4 പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.**

1. അംബുജം റൈസ് ഇൻഡസ്ട്രീസ്

2. PRS റൈസ് ഇൻഡസ്ട്രീസ്

3.SP ഫുഡ്സ്

4.ക്രേസി കോഡ്സ്

5.സുരക്ഷ H2O

6.അപരാജിത ഡൈനാമിക് സിനർജീസ്

7.മാനസ് എൻറ്റർപ്രൈസസ്

8.ബെസ്റ്റ് എൻറ്റർപ്രൈസസ്

9. ഓലശ്ശേരി പോസ്റ്റ് ഓഫീസ്

ടി സ്ഥാപനങ്ങളുടെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അധികൃതർ ഓഡിറ്റ് അന്വേഷണ (നം.7/13-12-2021) ത്തിനുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

**1-11-5 താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | QRS മാർക്കറ്റിംഗ് | I |
| 2 | കൈരളി റിസോർട്ട് | I,II |
| 3 | ശാന്തിഗിരി ആയുർവേദ കോളേജ് | I,II |
| 4 | YESബാങ്ക് | II |
| 5 | ICICI ബാങ്ക് | II |
| 6 | ഗായത്രി മോട്ടോർസ് | I,II |
| 7 | കഫെ കോഫി ഡേ | I,II |
| 8 | മാനാസ് എൻറ്റർപ്രൈസസ് | I,II |
| 9 | ബെസ്റ്റ് എൻറ്റർപ്രൈസസ് | I,II |

| | | |
|---|---|---|
| 10 | ഇലക്ട്രോ കൺട്രോൾ | I,II |
| 11 | നാഷനൽ ആയുർവേദ ഫാർമസി | I,II |
| 12 | സുരക്ഷ H2O | I,II |
| 13 | ക്രേസി കോഡ്സ് | I,II |
| 14 | SP ഫുഡ്സ് | I,II |
| 15 | PRS റൈസ് ഇൻഡസ്ട്രീസ് | I,II |
| 16 | ഇൻഡൽ ഓട്ടോമോട്ടീവ്സ് | I |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.7,13-10-2021)

**<u>1-11-6 പഞ്ചായത്ത് പരിധിയിലെ ക്ഷീരോദ്പാദകസഹകരണസംഘം, റേഷൻഡിപ്പോകൾ എന്നിവയുടെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല</u>**

പഞ്ചായത്ത് പരിധിയിൽ 2 ക്ഷീരോദ്പാദകസഹകരണസംഘങ്ങളാണ് ഉള്ളത്.

1. മിഥുനംപള്ളം

2.പാലയൻകാട്

മേൽ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽനികുതി, പാലയൻകാട് ക്ഷീരോദ്പാദകസഹ കരണസംഘത്തിന്റെ സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയി ക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-7,13-10-2021)

കൊടുമ്പ് പഞ്ചായത്തിൽ 5 റേഷൻകടകളാണ് ഉള്ളത്.

| വാർഡ് നം. | റേഷൻഡിപ്പോ |
|---|---|
| 14 | കല്ലിങ്കൽ |
| 11 | ഓലശ്ശേരി |
| 7 | കൊടുമ്പ് |
| 8 | തിരുവാലത്തൂർ |
| 15 | കാടാംകോട് |

അവയിലെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ചവ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ (നം.7,13-10-2021)ത്തിനുള്ള മറുപടിയിൽ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയ്യേണ്ടതാണ്.

**<u>1-11-7 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>**

| തസ്തിക | ഒന്നാം അർദ്ധ വർഷ വരുമാനം | രണ്ടാം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി (ഓരോ അർദ്ധവർഷം) |
|---|---|---|---|
| കമ്മ്യൂണിറ്റി ഹാൾ വാച്ച്മാൻ | 55200 | 54600 | 450 |
| ജീപ്പ് ഡ്രൈവർ | 114210 | 115115 | 1000 ( II- ാം അർദ്ധ വർഷം) |

| പമ്പ് ഓപ്പറേറ്റർ<br>1.അപ്പുണ്ണി<br>2.മോഹനൻ<br>3.സ്വാമിനാഥൻ<br>4.കൃഷ്ണമൂർത്തി | 27600<br>27600<br>27600<br>27600 | 27300<br>22800<br>27300<br>27300 | 180<br>180<br>180<br>180 |
|---|---|---|---|

മേൽപ്പറഞ്ഞവരുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, പമ്പ് ഓപ്പറേറ്റർമാർ (ക്രമ നം.1,2,3) എന്നിവർ 20.10.2021 തിയതിയിലെ 121010102542, 121010102541, 121010102538 രസീതി പ്രകാരവും , ക്രമനം.4, 18-10-2021 തിയതിലെ 121010102527 രസീതി പ്രകാരവും തൊഴിൽനികുതി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.
കമ്മ്യൂണിറ്റി ഹാൾ വാച്ച്മാൻ, ജീപ്പ് ഡ്രൈവർ എന്നവരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-നം. 7,-13-10-2021)

## 1-11-8 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

2019-2020 വർഷത്തിൽ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിൻെറ പേര് | ജീവന ക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കെ.കെ.രായവർഷൻ | ശ്രീദേവി വൈകുണ്ഡം ഇൻഡസ്ട്രീസ് | 5 |
| 2 | രാധ.സി.എസ് | 3 സ്റ്റാർ ട്രേഡേഴ്സ് | 4 |
| 3 | സലീന.എ | സോപ്പ് ഐറ്റംസ് | 6 |
| 4 | മനോഹരൻ.എസ് | SM എഞ്ചിനീയറിംഗ് | 6 |
| 5 | എ.എം.സിക്കന്ദർ | SITICS | 14 |
| 6 | ഷെമി | റഹമത്ത് ബേക്ക്സ് & കൺഫെക്ഷനറീസ് | 15 |
| 7 | കൃഷ്ണകുമാർ.കെ | ഗ്രാൻഡ് മലബാർ | 6 |
| 8 | സജീവ്.ബി | SB എൻറ്റർപ്രൈസസ് | 4 |
| 9 | സജിത്ത്.ടി.എം. | വൈബസ് സൊല്യൂഷൻസ് | 4 |
| 10 | ബെന്നി | സൺ ട്രേഡേഴ്സ് | 4 |
| 11 | ഷിജു.കെ | പെൻസിൽ ഡെക്കോർ | 5 |
| 12 | പി.ഇ.അഹമ്മദ്, കെ.രാജേന്ദ്രൻ | TSV സൺസ് | 6 |
| 13 | അവയാമ്പാൾ | ശ്രീഭവൻ | 9 |
| 14 | ജോ റോബർട്ട് | കിങ്സ് മെറ്റൽ ഫാബ്സ് | 6 |

ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ(7, 13-10-2021)ത്തിന് മറുപടിയായി അധികൃതർ അറിയിച്ചിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷത്തിൽ 306 സ്ഥാപനങ്ങൾക്ക്

ലൈസൻസ് അനുവദിക്കുകയോ, പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-12-1 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.**

**1996**-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം **18** അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് **232**-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക **III** ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. **2019-2020** വർഷം പഞ്ചായത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി(HP) | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 212 | കെ.കെ.രായവർഷൻ | ശ്രീദേവി വൈകുണ്ഡം ഇൻഡസ്ട്രീസ് | 12 | 200 |
| 234 | സലീന.എ | സോപ്പ് ഐറ്റംസ് | 10 | 200 |
| 253 | ഇ.സുദർശൻ | ജയ മെറ്റൽ വർക്ക്സ് | 8 | 100 |
| 280 | പി.ഇ.അഹമ്മദ്, കെ.രാജേന്ദ്രൻ | TSV സൺസ് | 15 | 200 |
| 268 | ജോ റോബർട്ട് | കിങ്സ് മെറ്റൽ ഫാബ്സ് | 10 | 200 |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.8,15-10-2021) മറുപടിയായി, വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് നിലവിലുള്ള സ്ലാബ് പ്രകാരം ഫീസ് ഈടാക്കുന്നുണ്ടെന്നും , ഫീസ് ഈടാക്കാൻ വിട്ടുപോയ ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**1-12-2 പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ **(നിലവിൽ 1996 ലെ** കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ(8,15-10-2021)ത്തിന് മറുപടിയായി, റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുന്നതിനായി കത്ത് നല്കിയിട്ടുണ്ടെന്ന അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-3 ക്ഷീരോദ്പാദക സഹകരണ സംഘം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ **(നിലവിൽ 1996 ലെ** കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാലയൻകാട് ക്ഷീരോദ്പാദക സഹകരണ സംഘം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം -8, 15-10-2021).

## 1-13 തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ ചെലവ് വിവരങ്ങൾ 'സുലേഖ' യിൽ രേഖപ്പെടുത്തിയിട്ടില്ല

2019-20ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന തനത് ഫണ്ട് പദ്ധതികളുടെ ചെലവ് വിവരങ്ങൾ 'സുലേഖ' സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ |
|---|---|---|
| 1 | 2/19-20 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഓണറേറിയം | 286405 |
| 2 | 18/19-20 പദ്ധതി ആസൂത്രണ-നിർവ്വഹണ-മോണിറ്ററിംഗ് ചെലവുകൾ | 100000 |
| 3 | 19/19-20 ജൈവവൈവിധ്യരജിസ്റ്റർ തയ്യാറാക്കൽ | 150000 |
| 4 | 65/20-21 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഓണറേറിയം | 288200 |

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/16.10.21) സമർപ്പിച്ച മറുപടിയിൽ ആയത് ചേർക്കുന്നതിന് വിട്ടുപോയതാണ് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ ചെലവ് വിവരം ഔദ്യോഗിക സോഫ്റ്റ്‌വെയറിൽ സമയബന്ധിതമായി ഉൾപ്പെടുത്തേണ്ടതും ആയത് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതും ആണ്.

ഈ ഇനങ്ങളിലുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്ന് അനുവദിച്ചതിന്റെ വൗച്ചർ നമ്പറുകൾ സഹിതമുള്ള വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നതിന് ഇതേ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. സാംഖ്യയിൽ നിന്ന പേമെന്റ്

വൗച്ചറുകളില്ലാതെ ഭാഗികമായ കണ്ടിൻജന്റ് ബില്ലുകളും സബ് വൗച്ചറുകളും പരിശോധനക്ക് ലഭ്യമാക്കുകയാണ് ചെയ്തത്. ഓഡിറ്റ് സമയത്ത് ആവശ്യപ്പെടുന്ന വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിൽ അലംഭാവം ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-14 2018-19 ൽ പൂർത്തീകരിക്കാത്ത പദ്ധതി സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയില്ല.**

| | | | |
|---|---|---|---|
| **പ്രൊജക്ട് നം/പേര്** | 7 /20 ജി.എൽ.പി.എസ്സ്.സ്കൂളിന് ഫർണ്ണീച്ചർ വാങ്ങൽ | **അടങ്കൽ** | **200000 (വികസനഫണ്ട്)** |
| ചെലവ് | 49500 | ബിൽ/ തീയ്യതി | 2 / 25.10.19 |
| **നിർവ്വഹണം** | | എച്ച്.എം ജി.എൽ.പി.സ്കൂൾ | |

ജി.എൽ.പി.എസ്സ്.സ്കൂളിന് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതിക്കായി 2019-20 വർഷത്തിൽ 49500/- രൂപ സംസം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ (1443201000163 ) നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് .

2018-19 വർഷത്തിൽ 50000/- രൂപ അടങ്കലിൽ ജി.എൽ.പി സ്കൂളിന് ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതി വിഭാവനം ചെയ്ത്, ക്വട്ടേഷൻ ക്ഷണിച്ച്, സംസം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 04.02.19 ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഈ സ്ഥാപനം 22.02.19 ന് ഫർണ്ണീച്ചർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ തുക നൽകിയത് 2019-20 വർഷത്തിലാണ്.

ഈ പദ്ധതി 2018-19 ൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 2019-20 ൽ സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം ലഭ്യമാക്കേണ്ടതായിരുന്നു. 2019-20 ൽ 200,000 രൂപ വകയിരുത്തി പുതിയ പ്രൊജക്ട് ഇതേ പേരിൽ വിഭാവനം ചെയ്ത് സംസം ഇൻഡസ്ട്രീസിന് തുക നൽകുകയാണുണ്ടായത്. ഇപ്രകാരം 2018-19 ൽ പൂർത്തീകരിക്കാത്ത പ്രൊജക്ട് സ്പിൽ ഓവർ ആയി വിഭാവനം ചെയ്തു നിർവ്വഹണം നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം -4/10.10.21) 2018-19-ൽ പദ്ധതി നടപ്പാക്കാനായില്ല എന്നും ആയത് സ്പിൽ ഓവറിൽ ഉൾപ്പെടുത്തി നടത്താൻ വിട്ടുപോയി എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം - 3.5.3 പ്രകാരം അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ചെങ്കിലും ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാൽ പൂർത്തീകരണത്തിനായി അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികളെ സ്പിൽ ഓവർ പദ്ധതികളായി പരിഗണിക്കണം എന്ന പരാമർശിക്കുന്നുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി നിർവ്വഹണം നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**1 - 15 പാലിയേറ്റീവ് കെയർ പദ്ധതിക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല.**

പ്രോജക്ട് നമ്പർ, പേര് - 08/20, പാലിയേറ്റീവ് കെയർ

അടങ്കൽ - 600000 (വികസനഫണ്ട് - 400000 + ബ്ളോക്ക് പഞ്ചായത്ത് ഷെയർ-200000 )

ചെലവ്- 500070 (വികസനഫണ്ട്-345910 + ബ്ളോക്ക് പഞ്ചായത്ത് ഷെയർ-154160)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ - പി.എച്ച്.സി

